പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 47 06.03.2012-ൽ മറുപടിയ്ക്ക്

## അന്യ സംസ്ഥാനങ്ങളിൽ നിന്നു വൈദ്യുതി എത്തിക്കുന്നതിനുള്ള സംവിധാനം.

**ചോദ്യം**

ശ്രീ. കെ. രാജു :
ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. ഇ. കെ. വിജയൻ :

(എ) അന്യസംസ്ഥാനങ്ങളിൽ നിന്നും വാങ്ങുന്ന വൈദ്യുതി സംസ്ഥാനത്തെത്തിക്കുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്നു വ്യക്തമാക്കുമോ;

(ബി) കൂടുതൽ വൈദ്യുതി കേന്ദ്രവിഹിതമായി സംസ്ഥാനത്തിനു ലഭിക്കാൻ സാദ്ധ്യതയുണ്ടോ ;

(സി) കൂടുതൽ കേന്ദ്രവിഹിതം നേടിയെടുക്കുന്നതിനായി ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നു വെളിപ്പെടുത്തുമോ ;

(ഡി) കേന്ദ്രവിഹിതമായി ലഭിക്കുന്ന വൈദ്യുതി കേരളത്തിലെത്തിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണുള്ളതെന്നു വ്യക്തമാക്കുമോ ;

**ഉത്തരം**

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പു മന്ത്രി)

(എ) (ബി) (സി) & (ഡി) സംസ്ഥാനത്തിന് പുറത്ത് നിന്നും കേന്ദ്രവിഹിതമായി ലഭിക്കുന്ന വൈദ്യുതിയും മറ്റു സംസ്ഥാനങ്ങളിലെ ഉല്പാദകരിൽ നിന്നും, ട്രേഡർമാർ, പവർ എക്സ്ചേഞ്ച് മുതലായവരിൽ നിന്നും വാങ്ങുന്ന വൈദ്യുതി കേരളത്തിലെത്തിക്കുന്നത് താഴെ കാണുന്ന ലൈനുകളിൽ കൂടിയാണ്.

| ക്രമ നമ്പർ | ലൈനിന്റെ പേര് | [illegible] ശേഷി |
|---|---|---|
| 1. | ഉദുമൽപ്പേട്ട് - മാടക്കത്തറ, ഇരട്ട സർക്യൂട്ട് | 400 കെ. വി |
| 2. | തിരുനെൽവേലി - പോത്തൻകോട് ഇരട്ട സർക്യൂട്ട് | 400 കെ.വി |
| 3. | ഇടുക്കി - ഉദുമൽപ്പേട്ട് ഒറ്റ സർക്യൂട്ട് | 220 കെ.വി |
| 4. | മൂഴിയാർ - തേനി ഒറ്റ സർക്യൂട്ട് | 220 കെ.വി |
| 5. | കണിയാംപ്പെറ്റ - കടക്കോള ഒറ്റ സർക്യൂട്ട് | 220 കെ. വി |
| 6. | ഇടമൺ - തിരുനെൽവേലി ഇരട്ട സർക്യൂട്ട് | 220 കെ. വി |
| 7. | പാറശ്ശാല - കുഴിത്തുറ ഒറ്റ സർക്യൂട്ട് | 110 കെ. വി |
| 8. | മഞ്ചേശ്വരം - കൊനാജ് ഒറ്റ സർക്യൂട്ട് | 110 കെ.വി |

വരും വർഷങ്ങളിൽ പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്ന കേന്ദ്ര വൈദ്യുത പദ്ധതികളായ കൂടംകുളം, നെയ്‌വേലി ലിഗ്നൈറ്റ് കോർപ്പറേഷൻ വികസന പദ്ധതി, വള്ളൂർ, തൂത്തുക്കുടി തുടങ്ങിയവയിൽ നിന്നും വിവിധ അൾട്രാ മെഗാ പവർ പ്രോജക്റ്റുകളിൽ നിന്നും വൈദ്യുതി വിഹിതം കേരളത്തിനു അനുവദിച്ചിട്ടുണ്ട്. കൂടാതെ കേന്ദ്ര സർക്കാരിന്റെ പക്കലുള്ള അൺഅലോക്കേറ്റഡ് വൈദ്യുതിയുടെ വിഹിതം സംസ്ഥാനങ്ങൾക്ക് അപ്പപ്പോഴത്തെ ആവശ്യകതയുടെ മുൻഗണനയെ അടിസ്ഥാനമാക്കി നല്കാറുണ്ട്.

പാരിസ്ഥിതിക പ്രശ്നങ്ങളാലും ജൈവ വൈവിധ്യ പരിഗണനകൾ മൂലവും ജലവൈദ്യുത പദ്ധതികൾ അസാദ്ധ്യമാകുന്നതിനാലും, ഖനിജ ഇന്ധനങ്ങളുടെ അഭാവം സംസ്ഥാനത്തിന്റെ ഊർജ്ജോല്പാദനത്തിന് വിഘാതമായതിനാലും കേരളത്തിന്റെ വർദ്ധിച്ചു വരുന്ന വൈദ്യുത ആവശ്യകത നിറവേറ്റുന്നതിനായി കേന്ദ്ര വൈദ്യുത നിലയങ്ങളിൽ നിന്നും കൂടുതൽ വൈദ്യുതി വിഹിതം ലഭ്യമാക്കാനായി ബഹു. മുഖ്യമന്ത്രി പ്രധാനമന്ത്രിയേയും, ഊർജ്ജ വകുപ്പു മന്ത്രി കേന്ദ്ര ഊർജ്ജ വകുപ്പു മന്ത്രിയേയും കണ്ട് നിവേദനം നൽകി. കൂടാതെ എം.പി മാർ മുഖേനയും സംസ്ഥാന സർക്കാർ പലപ്പോഴായി ആവശ്യപ്പെട്ടിട്ടുണ്ട്.

| | |
|---|---|
| (ഇ) സ്വകാര്യ കമ്പനികൾ ഉത്പാദിപ്പിക്കുന്ന വൈദ്യുതി സംസ്ഥാനത്തിനു പുറത്തേയ്ക്ക് വിൽക്കരുതെന്ന അന്ധ്രാപ്രദേശ്, കർണ്ണാടക സർക്കാരുകളുടെ ഉത്തരവ് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ? | (ഇ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.